**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 3836**
**21.06.2019-ന് മറുപടി നൽകേണ്ടത്**

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| 3836 | **ശ്രീ. എം. വിൻസെന്റ്** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ; | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2018-19) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അതിന്റെ എല്ലാ പ്രവർത്തന മേഖലയിലും മികവ് പുലർത്തിയിട്ടുണ്ട്. 2017-18 കാലയളവിൽ 723.93 കോടിരൂപ വായ്പ അനുവദിച്ച സ്ഥാനത്ത് 1644.95 കോടി രൂപ വായ്പയായി അനുവദിച്ചു. ഇതുപോലെതന്നെ 600.23 കോടി രൂപ വായ്പ വിതരണം ചെയ്ത സ്ഥാനത്ത് അത് 815.79 കോടിയായും മൊത്ത വരുമാനം 376.88 കോടി രൂപ ആയിരുന്നത് 428.26 കോടിയായും അറ്റ ലാഭം 8.3 കോടി രൂപയായിരുന്നത് 17.70 കോടി രൂപയായും വർദ്ധിച്ചു. കൂടാതെ അറ്റ നിഷ്ക്രിയ ആസ്തി 2.03 ശതമാനത്തിൽനിന്നും 1.82 ശതമാനമായി കുറയ്ക്കാനും കഴിഞ്ഞു. |
| ബി | കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കെ.എഫ്.സി. നൽകുന്ന സംഭാവനകൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നാളിതുവരെ അറുപതിനായിരത്തിലധികം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 885 യൂണിറ്റുകൾക്കായി 1644.95 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| സി | പ്രളയകാലത്ത് വമ്പിച്ച നഷ്ടം നേരിട്ട വ്യവസായികൾക്ക് കെ.എഫ്.സി. എന്തെങ്കിലും ഇളവുകളോ ആനുകൂല്യങ്ങളോ പ്രഖ്യാപിച്ചിരുന്നോ ; അത് സംബന്ധിച്ച വിശദാംശം നൽകുമോ ? | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി പ്രളയ പുനരുദ്ധാരണ |

| | | | |
|---|---|---|---|
| | | | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു.<br>1. റീബിൽഡ് സ്കീം - 10% പലിശ നിരക്കിൽ സംരംഭങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുകയുടെ 90% അഡീഷണൽ വായ്പയായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചു പ്രോസസിംഗ് ഫീ ഒഴിവാക്കിയിട്ടുള്ളതുമാകുന്നു.<br>2. കോൺട്രാക്ടേഴ്സിനുവേണ്ടിയുള്ള ' വികാസ് ' സ്കീം - ഗവൺമെന്റ് വർക്കുകൾ, റോഡ്, ബ്രിഡ്ജ്, കെട്ടിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും കോൺട്രാക്ടേഴ്സിന് 20 കോടി രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു Line of credit facility യും നൽകിവരുന്നു.<br><br>3. ബിൽ ഡിസ്കൗണ്ടിംഗ് സ്കീം ആവിഷ്കരിച്ചു<br><br>4. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 01.08.2018 മുതൽ 30.11.2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>5. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15-ാം തീയതിവരെ നീക്കി നൽകിയിട്ടുണ്ട്.<br><br>6. മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടികൊടുക്കൽ എന്നിവയും നൽകിയിട്ടുണ്ട്.<br><br>7. എല്ലാ റവന്യൂ റിക്കവറി നടപടികളും 30.11.2018 വരെ നിർത്തിവച്ചിട്ടുണ്ടായിരുന്നു. |

**സെക്ഷൻ ഓഫീസർ**